# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.533 - 02/12/2014 - ലെ മറുപടിക്ക്

## സർക്കാർ സബ്സിഡികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ** | **ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) സർക്കാർ വിവിധ മേഖലകൾ വഴി നൽകുന്ന സബ്സിഡികളിൽ നല്ലൊരുഭാഗം അഴിമതിയും ചോർച്ചയും മൂലം നഷ്ടമായിക്കൊണ്ടിരിക്കുന്നതായുള്ള പബ്ളിക് എക്സപന്റീച്ചർ റിവ്യൂ കമ്മിറ്റിയുടെ 2011-12 സെക്കന്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണി ച്ചിരിക്കുന്നത് പരിശോധനാവിധേയമാക്കി യിട്ടുണ്ടോ,<br><br>(ബി) എങ്കിൽ ഏതെല്ലാം ഇനത്തിലുള്ള സബ്സിഡി തുകകളാണ് ചോർച്ചയും അഴിമതിയും മൂലം നഷ്ടപ്പെടുന്നതെന്ന് വ്യക്തമാക്കാമോ, ചോർച്ചയും നഷ്ടവും ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്, | സർക്കാർ വിവിധ മേഖലകൾ വഴി നൽകുന്ന സബ്സിഡികൾ അഴിമതിയും ചോർച്ചയും മൂലം നഷ്ടമായതായി പബ്ളിക് എക്സപന്റീച്ചർ റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. ഇക്കാര്യത്തിൽ ഒരു പരിശോധന ആവശ്യമാണെന്ന് മാത്രമാണ് കമ്മിറ്റി ശുപാർശചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച മറുപടിയായി ഊർജ്ജ, കൃഷി വകുപ്പുകളിൽ നിന്നും ലഭിച്ച വിശദാംശം ചുവടെ ചേർക്കുന്നു.<br>**ഊർജ്ജ വകുപ്പ്**<br>2010-11,2011-12 സാമ്പത്തിക വർഷത്തിൽ സർക്കാർ ബജറ്റിൽ തെർമൽ സർചാർജിൽ നിന്നും ഗാർഹിക ഉപഭോക്താക്കളെ ഒഴിവാക്കുന്നതുമൂലം കെ.എസ്.ഇ.ബിക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിനായി യഥാക്രമം അനുവദിച്ച 54 കോടിരൂപയും, 54.60 കോടി രൂപയും കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകിയതുമൂലം ഉണ്ടായ റവന്യൂ കമ്മി നികത്തുന്നതിന് അനുവദിച്ച 45.97 കോടിരൂപയും അഴിമതിയും ചോർച്ചയുമായി ഒരു ബന്ധമില്ലാത്തതാണ്. കൂടാതെ കാർഷിക ആവശ്യങ്ങൾക്കായും, പവർ സബ്സിഡി യിനത്തിലും സൗജന്യമായി വൈദ്യുതി നൽകിയ ഇനത്തിൽ സബ്സിഡിയായി തുകയൊന്നും ലഭ്യമാക്കിയിട്ടില്ല. |

| | |
|---|---|
| | **കൃഷി വകുപ്പ്**<br>പദ്ധതികൾ മുഖേന കർഷകർക്ക് ലഭ്യമാക്കുന്ന സബ്സിഡി തുകകൾ അഴിമതിയും ചോർച്ചയും മൂലം നഷ്ടപ്പെടുന്നില്ല. ടി തുകകൾ ഇ -പേയ്മെന്റ് സംവിധാനം വഴി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്ന സുതാര്യമായ സംവിധാന മാണ് വകുപ്പ് സ്വീകരിച്ച് വരുന്നത്. |
| (സി) മാർക്കറ്റ് ഇന്റർവെൻഷൻ സബ്സിഡികൾ ഫലപ്രദമാക്കാനും കാലികമായി വർദ്ധിപ്പിക്കാനും തയ്യാറാകുമോ, | പൊതുവിപണിയിൽ അവശ്യസാധനങ്ങളുടെ വില വർദ്ധനവു മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകളിൽ നിന്നും സാധാരണക്കാരെ രക്ഷിക്കാനായി വിപണി ഇടപെടൽ നടത്താറുണ്ട്. സംസ്ഥാനത്തിന്റെ പ്രധാന കാർഷികോല്പന്നങ്ങളായ നെല്ല്, പച്ചത്തേങ്ങ, റബ്ബർ എന്നിവയെ വിപണിയിലെ വിലയിടിവിൽ നിന്നും സംരക്ഷിക്കുന്നതിനും കർഷകർക്ക് പിൻതുണ നൽകുന്നതിനുമായി വിളവെടുപ്പ് കാലങ്ങളിൽ സർക്കാർ ഉത്തരവിന് വിധേയമായ ന്യായവില നൽകി ഈ ഉല്പന്നങ്ങൾ കർഷകരിൽ നിന്നും സർക്കാർ നിശ്ചയിക്കുന്ന ഏജൻസികൾ നേരിട്ട് സംഭരിച്ചു വരുന്നു. ഓരോ വർഷവും വിപണിയിൽ നിലവിലുള്ള സാഹചര്യങ്ങൾ പഠനവിധേയ മാക്കി സർക്കാർ കാർഷികോല്പന്നങ്ങളുടെ സംഭരണവിലയും വിപണിയിടപെടൽ നിരക്കും പുതുക്കി നിശ്ചയിക്കാറുണ്ട്. |
| (ഡി) സബ്സിഡി ചോർത്തിയതിന്റെയും അഴിമതി നടത്തിയതിന്റെയും പേരിൽ ആരുടെയെങ്കിലും പേരിൽ നടപടി കൈക്കൊള്ളുകയുണ്ടായിട്ടുണ്ടോ ? | ഇല്ല |

**സെക്ഷൻ ഓഫീസർ**